**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 417** **08-06-2021 - ൽ മറുപടിയ്ക്ക്**

**ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | **Shri. P. Rajeeve**<br>**(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗ് പ്രകാരം 2015-16ൽ കേരളത്തിന്റെ റാങ്ക് പതിനെട്ട് ആയിരുന്നത് 2018-19ൽ ഇരുപത്തിയെട്ടിലേക്ക് താഴ്ന്നിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്കിങ് പ്രകാരം 2018-19 ൽ കേരളത്തിന്റെ റാങ്ക് 28 ആണ്. |
| (ബി) | ഈസ് ഓഫ് ഡൂയിംഗ് ബിസിനസിലെ ഉയർന്ന റാങ്കിംഗ് ലഭിക്കുന്നതിലൂടെ സംസ്ഥാനങ്ങൾക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (ബി) | ഒരു സംരംഭകൻ തന്റെ വ്യവസായ സംരംഭം തുടങ്ങുന്നതിനുമുമ്പ് അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, ഗതാഗത സൗകര്യം, കടൽമാർഗ്ഗവും വായുമാർഗ്ഗവും കയറ്റുമതി/ഇറക്കുമതി ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ പരിശോധിക്കുന്നതോടൊപ്പം, തന്റെ സംരംഭത്തിന് ആവശ്യമായ അനുമതികളും ലൈസൻസുകളും സമയബന്ധിതമായും സുതാര്യമായും ലഭ്യമാകുമോ എന്നതു കൂടി പരിശോധനാവിഷയമാക്കും. ആയതിനാൽ ഈസ് ഓഫ് ഡൂയിങ് ബിസിനസിലെ ഉയർന്ന റാങ്കിങ് സംസ്ഥാനത്തിലേക്ക് കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിന് ഉപകരിക്കുന്ന ഒരു ഘടകമാണ്. |
| (സി) | സംസ്ഥാനത്തിന്റെ കടമെടുക്കൽ പരിധി ഉയർത്തുന്നതിനും വൻതോതിൽ നിക്ഷേപം ആകർഷിക്കുന്നതിനും ജി.ഡി.പി. വളർച്ച ഉയർത്തുന്നതിനും ഉയർന്ന റാങ്ക് സഹായകമാകുമോ; | (സി) | കേന്ദ്ര സർക്കാരിന്റെ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിന്റെ ഭാഗമായുള്ള ഡിസ്ട്രിക്ട് ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ (DBRAP) അനുസരിച്ചുള്ള നിശ്ചിത നടപടിക്രമങ്ങൾ സമയബന്ധിതമായി നടപ്പിലാക്കിയതിലൂടെ, കേരളത്തിന്റെ കടമെടുക്കൽ പരിധി ഉയർത്താൻ സാധിച്ചു. ഈസ് ഓഫ് ഡൂയിങ് ബിസിനസിലെ ഉയർന്ന റാങ്കിങ് സംസ്ഥാനത്തിലേക്ക് കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിന് ഉപകരിക്കുന്ന ഒരു ഘടകമാണ്. കൂടുതൽ സംരംഭകർ വ്യവസായങ്ങൾ തുടങ്ങുന്നതിലൂടെ സ്വാഭാവികമായും ജി.ഡി.പി. വളർച്ചയും ഉണ്ടാകുന്നതാണ്. |
| | | | |

| | | | |
|---|---|---|---|
| (ഡി) | കേരളത്തിന്റെ റാങ്കിംഗ് ഉയർത്തുന്നതിനായി എന്തൊക്കെ നടപടികളാണ് ഇതിനോടകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തു വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും സംരംഭകർക്ക് സമയബന്ധിതമായും സുതാര്യമായും അനുമതികളും ലൈസൻസുകളും നല്കുന്നതിനുവേണ്ടി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിയമങ്ങളുടെയും ചട്ടങ്ങളുടെയും ഭേദഗതികളും, ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്നതിനുള്ള സംവിധാനങ്ങളും ഇവയിൽ ചിലതാണ്. (i) കേന്ദ്ര സർക്കാരിന്റെ സ്റ്റേറ്റ് ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ (SBRAP) അനുസരിച്ച്, സംസ്ഥാനം 94 ശതമാനം ദൗത്യങ്ങളും പൂർത്തീകരിച്ച് അവക്കുള്ള തെളിവുകളും ഡി.പി.ഐ.ഐ.ടി. ക്ക് സമർപ്പിച്ചിട്ടുണ്ട്. അവയുടെ സൂക്ഷ്മ പരിശോധന ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. (ii) കെസ്വിഫ്റ്റ് എന്ന ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ഇപ്പോൾ 21 വകുപ്പുകളുടെയും ഏജൻസികളുടെയും 75 ൽ അധികം അനുമതികളും ലൈസൻസുകളും ലഭ്യമാകുന്നുണ്ട്. സംരംഭകർക്ക് ഇതുമൂലം ഓഫീസുകൾ സന്ദർശിക്കാതെ ആവശ്യമുള്ള അനുമതികൾ ലഭിക്കുന്നതിനും കാലാവധി കഴിഞ്ഞ അനുമതികൾ പുതുക്കുന്നതിനും സൗകര്യമാണ്. (iii) സംരംഭകരുടെ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കുന്നതിനും അവക്കുവേണ്ട പരിഹാരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് വ്യവസായ വകുപ്പിന്റെ കീഴിൽ ഒരു ടോൾ ഫ്രീ ഹെൽപ് ഡെസ്ക് പ്രവർത്തിക്കുന്നത്. ഈ സംവിധാനം ഒരു സംരംഭകന് ഏറെ സഹായകമാണ്. സംരംഭകരുടെ അഭിപ്രായങ്ങൾ ആണ് ഈസ് ഓഫ് ഡൂയിങ് ബിസിനെസ് റാങ്കിങ്ങിന്റെ പ്രധാന മാനദണ്ഡം എന്ന നിലയിൽ, മേല്പറഞ്ഞ നടപടികൾ വഴി സംസ്ഥാനത്തിന്റെ റാങ്ക് മെച്ചപ്പെടുത്താം എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ